# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1748** 10.02.2020 ലെ മറുപടിയ്ക്ക്

**സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫീസ് വർദ്ധനവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസിൽ വർദ്ധനവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | വർദ്ധനവ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഓരോ കോഴ്സിനും എന്ത് ഫീസ് വർദ്ധനവാണ് വരുത്തിയത്; എന്നുമുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | 06.09.2019 ലെ G.O (Ms) No.311/2019/HEDN, ധനവകുപ്പിൽ നിന്നുള്ള G.O (P) No.28/2019/Fin 01.04.2019 തീയതി എന്നീ ഉത്തരവുകൾ പ്രകാരം പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ളവയുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, യൂണിവേഴ്സിറ്റി ഫീസ് മുതലായവയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2019-2020 അധ്യയന വർഷം മുതൽ ഈ വർദ്ധനവിന് പ്രാബല്യവും നൽകിയിട്ടുണ്ട്. |
| (സി) | ഫീസ് വർദ്ധനവ് വരുത്തുവാനുണ്ടായ പ്രത്യേക കാരണം എന്തെന്ന് അറിയിക്കാമോ ; | (സി) & (ഡി) | റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഫീസ് വർദ്ധനവ് നടപ്പാക്കിയിട്ടുള്ളത്. ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല. |
| (ഡി) | ഇതിനായി ഏതെങ്കിലും കമ്മിറ്റി ശുപാർശ ചെയ്തിരുന്നോ; എങ്കിൽ ഏത് കമ്മിറ്റിയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ